**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*231.** **12.03.2020 ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന് ഉപയോഗം കണ്ടെത്തുന്നതിന് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.ടി.വി. ഇബ്രാഹിം | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മയക്കമരുന്നുപയോഗം കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ; | (എ) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. 2019 വർഷത്തിൽ |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പിൽ 13763 അബ്കാരി കേസുകളും 7093 എൻ.ഡി.പി.എസ് കേസുകളും 76833 കോട്പ കേസുകളും കണ്ടെടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പരിശോധനകളിൽ നിന്നും സിനിമാ മേഖലയെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഒഴിവാക്കിയിട്ടില്ല. |
| (സി) | സിനിമാ സെറ്റുകളിൽ മയക്കുമരുന്നുപയോഗം വ്യാപകമാണെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ? | (സി) | സിനിമാ മേഖല ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മേഖലകളേയും മയക്കുമരുന്ന് വിമുക്തമാക്കുന്നതിന്റെ ഭാഗമായി ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടാൽ നിയമപരമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**